# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3783 15.12.2014-ൽ മറുപടിയ്ക്ക്**

**കതിരൂരിൽ മനോജ് കൊലചെയ്യപ്പെട്ട കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കതിരൂരിലെ ബി.ജെ.പി. പ്രവർത്തകൻ മനോജ് കൊലചെയ്യപ്പെട്ട കേസിൽ (780/14)/യു.എ.പി.എ. അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ) - ന്റെ വ്യവസ്ഥകൾ ചേർത്തതിന്റെ കാരണം എന്തായിരുന്നു ; | (എ) പ്രസ്തുത കേസിൽ ബോംബ് സ്ഫോടനം നടത്തി ജനങ്ങൾക്ക് ഭീതി ജനിപ്പിക്കുകയും, ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊലപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തതിനാലാണ് യു.എ.പി.എ. വകുപ്പുകൾ ചേർക്കുവാൻ ഇടയായത്. |
| (ബി) പ്രസ്തുത സംഭവം സംബന്ധിച്ച് പോലീസിന് ലഭിച്ച ആദ്യവിവരം എന്തായിരുന്നു; ആ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് പ്രാഥമികമായി അന്വേഷണം നടത്തിയതിനുശേഷമാണോ യു.എ.പി.എ. വ്യവസ്ഥകൾ ചേർത്തത് ; വിശദമാക്കാമോ; | (ബി) പ്രതികൾ സംഘം ചേർന്ന് ബോംബെറിഞ്ഞ് സ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊലപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു എന്നുള്ളതാണ് ആദ്യ വിവരം. ഈ വിവരം അനുസരിച്ചാണ് മേൽ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തത്, നേരിട്ടെടുക്കാവുന്ന കുറ്റം സംബന്ധിച്ച് ലഭിച്ച വിവരം ആകയാൽ പ്രാഥമിക അന്വേഷണം നടത്തേണ്ടതില്ല. |
| (സി) തുടർന്നുള്ള അന്വേഷണത്തിൽ ആദ്യവിവരം ശരിയായിരുന്നു എന്ന നിഗമനത്തിലെത്തിയിട്ടുണ്ടോ ; | (സി) തുടർന്നുള്ള അന്വേഷണത്തിൽ യു.എ.പി.എ. ചേർക്കുവാനുള്ള കാരണം ഉചിതമായിരുന്നുവെന്ന് ബോദ്ധ്യമായിട്ടുണ്ട്. |
| (ഡി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് എടുത്തത് സംബന്ധിച്ച പരാതിയിൻമേലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ആരാണ് അന്വേഷിക്കുന്നത് ; വിശദമാക്കാമോ ? | (ഡി) യു.എ.പി.എ. വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് എടുത്തു എന്നാരോപിച്ച് പരാതി ലഭിച്ചിട്ടില്ല. ടി കൊലപാതകം സംബന്ധിച്ച കേസ് ഇപ്പോൾ സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ